# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഒക്ടോബർ 30, ബുധൻ

**നമ്പർ 184**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം:**

ഒരു സ്ത്രീയടക്കം നാല് മാവോയിസ്റ്റുകളെ പോലീസ് വെടിവച്ചുകൊന്ന സംഭവത്തെത്തുടർന്ന് ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആശങ്കമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ :**

1. ദേശീയപാതയിൽ മണ്ണുത്തി മുതൽ വാണിയംപാറ വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. രാജൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.1246/2019 (i).

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യത സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ഉബൈദുള്ള മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെയുള്ള അപകടമരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. ടി. തോമസ് | തിരുവനന്തപുരം - കാസർഗോഡ് നിർദ്ദിഷ്ട സെമി ഹൈസ്പീഡ് റെയിൽവേ പദ്ധതി | മുഖ്യമന്ത്രി |
| 3 | ശ്രീ. എൻ. വിജയൻ പിള്ള | കെ.എം.എം.എൽ.-ന്റെ സമീപത്തുള്ള ഭൂമി ഏറ്റെടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. സി. മമ്മൂട്ടി | തിരൂർ താഴെ പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുപ്പ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ആർ. രാമചന്ദ്രൻ | ആലപ്പാട്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. അബ്ദുൽ ഹമീദ്. പി. | ടിപ്പു സുൽത്താൻ റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സി. ജോസഫ് | വാറ്റ് നികുതി കുടിശ്ശിക ഈടാക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | സംസ്ഥാന സാംസ്കാരികപ്രവർത്തക ക്ഷേമനിധിയുടെ പ്രവർത്തനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. സ്വരാജ് | പാലാരിവട്ടം പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. രാജഗോപാലൻ | ഉത്തരമലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള സാമ്പത്തികസഹായം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ :</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു:

*ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ :*

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 6 | 2764 |
| 13 | 10 | 1032, 1033 |
| 13 | 11 | 7167, 7168 |
| 13 | 14 | 548, 3658, 5020, 5040, 5233, 4182 |

| 1 | 2 | 3 |
|---|---|---|
| 14 | 1 | 1852 |
| 14 | 9 | 173, 2203 |
| 14 | 10 | 1631, 3138, 4443, 5590 |
| 14 | 11 | 456, 2317, 3741 |
| 14 | 13 | 50, 149, 243, 252, 1429, 1478, 1838, 1961, 2046, 2084, 2101, 2113, 2118, 2136, 2405, 3537, 3625, 3692, 4150 |
| 14 | 14 | 3, 99, 106, 140, 1691, 1747, 1750, 1869,1930,2005, 2372 |
| 14 | 15 | 1, 5, 6, 11, 24, 28, 35, 36, 38, 39, 40, 41, 42, 43, 49, 50, 52, 53, 56, 57, 60, 64, 68, 72, 78, 79, 80, 81, 83, 84, 85, 106, 107, 108, 109, 112, 115, 117, 118, 119, 120, 121, 122, 124, 137, 138, 139, 140, 141, 142, 143, 145, 150, 151, 153, 154, 157, 158, 159, 160, 161, 163, 176, 179, 180, 182, 184, 185, 191, 195, 196, 197, 199, 200, 202, 203, 205, 206, 207, 209, 218, 221, 224, 227, 228, 229, 230, 232, 235, 236, 237, 241, 243, 244, 245, 246, 248, 249, 252, 361, 432, 442, 472, 485, 502, 547, 564, 565, 873, 984, 1440, 1658, 1674, 1683, 1684, 1713, 1724, 1728, 1866, 1871, 1877, 1883, 1888, 1917, 1921, 1922, 1923, 1953, 1955, 1957, 1958, 1962, 1963, 1964, 1974, 1992, 1996, 2052, 2113, 2136, 2214, 2221, 2232, 2247, 2287, 2307, 2627, 2989, 3088, 3474, 3480, 3483, 3503, 3514, 3521, 3522, 3526, 3530, 3542, 3549, 3554, 3559, 3560, 3561, 3564, 3565, 3578, 3579, 3581, 3599, 3625, 3692, 4448, 4754, 4857, 4871, 4886, 4952, 4958, 4965, 4966, 4967, 4977, 4990, 4994, 5015, 5018, 5043, 5048, 5050, 5053, 5054, 5057, 5060, 5065, 5066, 5080, 5084, 5087, 5088, 5089, 5098, 5105, 5969, 6032, 6116, 6129 |

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിട്ട ചോദ്യനമ്പർ |
|---|---|---|
| 14 | 9 | 164 |

നിയമനിർമ്മാണകാര്യം :

(1) മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മുഖ്യമന്ത്രി അവതരിപ്പിച്ചു.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. എം. ഉമ്മർ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. ഷംസുദ്ദീനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ആർ. രാമചന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററും അവതരിപ്പിച്ചു സംസാരിച്ചു. ചർച്ചയ്ക്കും മുഖ്യമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. ഉബൈദുള്ള നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ചു സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ചു സംസാരിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ മറുപടി നല്കി. അവതരിപ്പിച്ചിരുന്ന ഓർഡിനൻസ് നിരാകരണപ്രമേയവും ഭേദഗതികളും സഭ തള്ളി. മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. വി. എസ്. ശിവകുമാർ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. വി. പി. സജീന്ദ്രൻ നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജോർജ് എം. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. ബാബു അവതരിപ്പിച്ചു സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മറുപടി നല്കി. തുടർന്ന്, ബിൽ സംബന്ധിച്ച് അവതരിപ്പിച്ചിരുന്ന ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും സഭ തള്ളി. മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം</u> :

ശ്രീ. കെ. സി. ജോസഫ് ചട്ടം 130 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

" R.C.E.P.-കരാർ ഒപ്പിടുന്നതോടുകൂടി കേരളത്തിന്റെയും ഇതര സംസ്ഥാനങ്ങളിലെയും ക്ഷീരമേഖലയും നാണ്യവിളകളും ഉൾപ്പെടെയുള്ള കാർഷിക മേഖല, ചെറുകിട അനുബന്ധ വ്യവസായങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ഉണ്ടാകാനിടയുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് കാർഷിക മേഖലയുടെ താൽപ്പര്യ സംരക്ഷണം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാകാതെ കരാർ ഒപ്പുവയ്ക്കരുതെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ഈ സഭ ചർച്ച ചെയ്യണം."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. പി. സി. ജോർജ്

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. രമേശ് ചെന്നിത്തല

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി കെ. രാജു, കൃഷി വകുപ്പമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ, ജലവിഭവ വകുപ്പമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നിവർ മറുപടി നൽകി. അതിനുശേഷം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിച്ചു.

"ഇന്ത്യൻ പാർലമെന്റിൽ ചർച്ചചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി.) ഒപ്പുവയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം രാജ്യത്താകെ വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്തരാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ നമ്മുടെ കാർഷിക മേഖലയും ചെറുകിട വ്യവസായ മേഖലയും ക്ഷീര-മത്സ്യബന്ധന മേഖലകളും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയുമായിരിക്കും ഈ കരാറിന്റെ ഫലമെന്ന് വ്യക്തമാണ്.

നവ ഉദാരവൽക്കരണത്തിന്റെ ഭാഗമായുള്ള ഇന്ത്യ-ആസിയാൻ കരാർ നിലനിൽക്കെയാണ് ആസിയാനും അവരുടെ വ്യാപാര പങ്കാളികളായ ചൈന, തെക്കൻ കൊറിയ, ജപ്പാൻ, ആസ്ത്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും ഉൾപ്പെടുന്ന മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ അംഗമാകുന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയേയുള്ളൂ.

ദീർഘകാല തോട്ടവിളകളായ റബ്ബർ, കാപ്പി, തേയില എന്നിവയും കുരുമുളകൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളും സ്വതന്ത്ര വ്യാപാര കരാറുകൾ മൂലമുള്ള അനിയന്ത്രിത ഇറക്കുമതി കാരണം ആഭ്യന്തര വിപണിയിൽ വിലയിടിവ് നേരിടുകയാണ്. ഇപ്പോൾ തന്നെ പാംഓയിലിന്റെ ഇറക്കുമതി വെളിച്ചെണ്ണയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് പ്രധാന കാരണമായിട്ടുണ്ട്.

ആർ. സി. ഇ. പി.-യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തേയും വൻ വിലത്തകർച്ചയേയും നേരിടേണ്ടിവരും.

ന്യൂസിലന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീരമേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷിക രംഗത്ത് വിലത്തകർച്ച ഉണ്ടായപ്പോൾ കർഷകരെ ഒരു പരിധിവരെ സംരക്ഷിച്ചത് ക്ഷീരമേഖലയാണ്. അനിയന്ത്രിതമായ പാൽ, പാലുൽപ്പന്ന ഇറക്കുമതി ക്ഷീരമേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്ക തികച്ചും ന്യായമാണ്.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്നുൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായാൽ, അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവുമില്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

ആസിയാൻ രാജ്യങ്ങളിലേയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലേയും ബഹുരാഷ്ട്ര കുത്തകകൾ ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാര കരാറിന്റെ മറവിൽ നമ്മുടെ ചെറുകിട വ്യാപാരരംഗം തകർക്കുമെന്ന് ഉറപ്പാണ്. ഈ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്തിന് താങ്ങാനാവില്ല.

അതിനാൽ, രാജ്യത്തിന്റെ വിശാലമായ താൽപ്പര്യവും ഭാവിയും കണക്കിലെടുത്ത് ആർ.സി.ഇ.പി. കരാറിൽ ഒപ്പുവയ്ക്കാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

2019 ഒക്ടോബർ 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 7.12-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixteenth Session**

# BULLETIN— PART I

( Brief Record of Proceedings )

*Wednesday, October 30, 2019*

**No.184**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri N. Samsudheen and three other Members regarding the serious situation reported to have arisen due to the apprehension among the people consequent to the death of four Maoists including one woman during police encounter.

In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.

*Calling Attention:*

1. Shri K. Rajan called the attention of the Minister for Public Works and Registration to the necessity to complete the works of Mannuthy-Vaniyampara stretch of the National Highway urgently. The Minister made a statement thereto.

2. Shri P. Ubaidulla called the attention of the Chief Minister to the necessity to take steps to safeguard the credibility of the Kerala Public Service Commission. The Chief Minister made a statement thereto.

KNPP.1246/2019.(ii)

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെയുള്ള അപകടമരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. ടി. തോമസ് | തിരുവനന്തപുരം - കാസർഗോഡ് നിർദ്ദിഷ്ട സെമി ഹൈസ്പീഡ് റെയിൽവേ പദ്ധതി | മുഖ്യമന്ത്രി |
| 3 | ശ്രീ. എൻ. വിജയൻ പിള്ള | കെ.എം.എം.എൽ.-ന്റെ സമീപത്തുള്ള ഭൂമി ഏറ്റെടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. സി. മമ്മൂട്ടി | തിരൂർ താഴെ പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുപ്പ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ആർ. രാമചന്ദ്രൻ | ആലപ്പാട്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. അബ്ദുൽ ഹമീദ്. പി. | ടിപ്പു സുൽത്താൻ റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സി. ജോസഫ് | വാറ്റ് നികുതി കുടിശ്ശിക ഈടാക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | സംസ്ഥാന സാംസ്കാരികപ്രവർത്തക ക്ഷേമനിധിയുടെ പ്രവർത്തനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. സ്വരാജ് | പാലാരിവട്ടം പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. രാജഗോപാലൻ | ഉത്തരമലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള സാമ്പത്തികസഹായം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table :*

The following papers were laid on the Table:

*Papers as per rule 47(2):*

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 6 | 2764 |
| 13 | 10 | 1032, 1033 |
| 13 | 11 | 7167, 7168 |
| 13 | 14 | 548, 3658, 5020, 5040, 5233, 4182 |

| 1 | 2 | 3 |
|---|---|---|
| 14 | 1 | 1852 |
| 14 | 9 | 173, 2203 |
| 14 | 10 | 1631, 3138, 4443, 5590 |
| 14 | 11 | 456, 2317, 3741 |
| 14 | 13 | 50, 149, 243, 252, 1429, 1478, 1838, 1961, 2046, 2084, 2101, 2113, 2118, 2136, 2405, 3537, 3625, 3692, 4150 |
| 14 | 14 | 3, 99, 106, 140, 1691, 1747, 1750, 1869,1930,2005, 2372 |
| 14 | 15 | 1, 5, 6, 11, 24, 28, 35, 36, 38, 39, 40, 41, 42, 43, 49, 50, 52, 53, 56, 57, 60, 64, 68, 72, 78, 79, 80, 81, 83, 84, 85, 106, 107, 108, 109, 112, 115, 117, 118, 119, 120, 121, 122, 124, 137, 138, 139, 140, 141, 142, 143, 145, 150, 151, 153, 154, 157, 158, 159, 160, 161, 163, 176, 179, 180, 182, 184, 185, 191, 195, 196, 197, 199, 200, 202, 203, 205, 206, 207, 209, 218, 221, 224, 227, 228, 229, 230, 232, 235, 236, 237, 241, 243, 244, 245, 246, 248, 249, 252, 361, 432, 442, 472, 485, 502, 547, 564, 565, 873, 984, 1440, 1658, 1674, 1683, 1684, 1713, 1724, 1728, 1866, 1871, 1877, 1883, 1888, 1917, 1921, 1922, 1923, 1953, 1955, 1957, 1958, 1962, 1963, 1964, 1974, 1992, 1996, 2052, 2113, 2136, 2214, 2221, 2232, 2247, 2287, 2307, 2627, 2989, 3088, 3474, 3480, 3483, 3503, 3514, 3521, 3522, 3526, 3530, 3542, 3549, 3554, 3559, 3560, 3561, 3564, 3565, 3578, 3579, 3581, 3599, 3625, 3692, 4448, 4754, 4857, 4871, 4886, 4952, 4958, 4965, 4966, 4967, 4977, 4990, 4994, 5015, 5018, 5043, 5048, 5050, 5053, 5054, 5057, 5060, 5065, 5066, 5080, 5084, 5087, 5088, 5089, 5098, 5105, 5969, 6032, 6116, 6129 |

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ |
|---|---|---|
| 14 | 9 | 164 |

*Legislative Business:*

(1) Shri Pinarayi Vijayan, Chief Minister introduced The Non-Resident Keralites' Welfare (Amendment) Bill, 2019 and laid the statements under rule 75(1). The Chief Minister also moved that the Bill be referred to Subject Committee XIV.

Shri P. T. Thomas moved the motion to disapprove The Non-Resident Keralites' Welfare (Amendment) Ordinance, 2019 and spoke. Shri M. Ummer seconded the disapproval motion and spoke. Shri N. Samsudheen moved an amendment to circulate the Bill for eliciting public opinion and Shri E. T. Taison Master as authorised by Shri R. Ramachandran moved another amendment for referring the Bill to a Select Committee and spoke. The Chief Minister replied to the points raised during the discussion. The ordinance disapproval motion and the amendments moved were declared lost. The motion moved by the Chief Minister was adopted and the Bill was referred to Subject Committee XIV- Home Affairs.

(2) Shri A. C. Moideen, Minister for Local Self Governments introduced The Kerala Municipality (Amendment) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bill be referred to Subject Committee IX.

Shri Sunny Joseph moved the motion to disapprove the Kerala Municipality (Amendment) Ordinance, 2019 and spoke. Shri P. Ubaidulla seconded the disapproval motion and spoke. Shri Raju Abraham moved an amendment to circulate Bill for eliciting public opinion and spoke. Shri V. D. Satheesan moved another amendment for referring the Bill to a Select Committee and spoke. Shri A. C. Moideen, Minister for Local Self Governments replied to the points raised during the discussion. The ordinance disapproval motion and the amendments moved were declared lost. The motion moved by the Minister was adopted and the Bill was referred to Subject Committee IX-Local Administration, Rural development and Housing.

(3) Shri T. P. Ramakrishnan, Minister for Labour and Excise introduced The Kerala Jewellery Workers' Welfare Fund (Amendment) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bill be referred to Subject Committee VII.

Shri A. P. Anil Kumar as authorised by Shri V. S. Sivakumar moved the motion to disapprove The Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019 and spoke. Shri V. P. Sajeendran seconded the disapproval motion and spoke. Shri K. Babu as authorised by Shri George M. Thomas moved an amendment to circulate the Bill for eliciting public opinion and Shri Eldose P. Kunnapillil moved an amendment for referring the Bill to a Select Committee and spoke.

Shri T. P. Ramakrishnan, Minister for Labour and Excise replied to the points raised during the discussion. The ordinance disapproval motion and the amendments moved were declared lost. The motion moved by the Minister was adopted and the Bill was referred to Subject Committee VII-Power, Labour and Labour Welfare.

*Motion under Rule 130*:

Shri K. C. Joseph moved the following motion under Rule 130 and spoke.

" R.C.E.P. കരാർ ഒപ്പിടുന്നതോടുകൂടി കേരളത്തിന്റെയും ഇതര സംസ്ഥാനങ്ങളിലെയും ക്ഷീരമേഖലയും നാണ്യവിളകളും ഉൾപ്പെടെയുള്ള കാർഷിക മേഖല, ചെറുകിട അനുബന്ധ വ്യവസായങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ഉണ്ടാകാനിടയുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് കാർഷിക മേഖലയുടെ താൽപ്പര്യ സംരക്ഷണം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാകാതെ കരാർ ഒപ്പുവയ്ക്കരുതെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ഈ സഭ ചർച്ച ചെയ്യണം"

The following Members took part in the discussion:

Shri C. K. Saseendran

Shri Roji M. John

Shri Murali Perunelly

Shri K. N. A. Khader

Shri Mathew T. Thomas

Shri Mons Joseph

Shri K. V. Vijayadas

Shri P. C. George

Smt. Veena George

Shri E. K. Vijayan

Shri Ramesh Chennithala.

Shri K. Raju, Minister for Forests, Animal Husbandry and Zoos and Shri V. S. Sunil Kumar, Minister for Agriculture and Shri K. Krishnankutty, Minister for Water Resources replied to the points raised in the discussion. Then Shri Pinarayi Vijayan, Chief Minister moved the following Substantive motion under Rule 275:

"ഇന്ത്യൻ പാർലമെന്റിൽ ചർച്ചചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി.) ഒപ്പുവയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം രാജ്യത്താകെ വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്തരാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ നമ്മുടെ കാർഷിക മേഖലയും ചെറുകിട വ്യവസായ മേഖലയും ക്ഷീര - മത്സ്യബന്ധന മേഖലകളും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയുമായിരിക്കും ഈ കരാറിന്റെ ഫലമെന്ന് വ്യക്തമാണ്.

നവ ഉദാരവൽക്കരണത്തിന്റെ ഭാഗമായുള്ള ഇന്ത്യ-ആസിയാൻ കരാർ നിലനിൽക്കെയാണ് ആസിയാനും അവരുടെ വ്യാപാര പങ്കാളികളായ ചൈന, തെക്കൻ കൊറിയ, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും ഉൾപ്പെടുന്ന മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ അംഗമാകുന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയേയുള്ളു.

ദീർഘകാല തോട്ടവിളകളായ റബ്ബർ, കാപ്പി, തേയില എന്നിവയും കുരുമുളകുൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളും സ്വതന്ത്ര വ്യാപാര കരാറുകൾ മൂലമുള്ള അനിയന്ത്രിത ഇറക്കുമതി കാരണം ആഭ്യന്തര വിപണിയിൽ വിലയിടിവ് നേരിടുകയാണ്. ഇപ്പോൾ തന്നെ പാംഓയിലിന്റെ ഇറക്കുമതി വെളിച്ചെണ്ണയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് പ്രധാന കാരണമായിട്ടുണ്ട്.

ആർ. സി. ഇ. പി.-യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തേയും വൻ വിലത്തകർച്ചയേയും നേരിടേണ്ടിവരും.

ന്യൂസിലന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീരമേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷിക രംഗത്ത് വിലത്തകർച്ച ഉണ്ടായപ്പോൾ കർഷകരെ ഒരു പരിധിവരെ സംരക്ഷിച്ചത് ക്ഷീരമേഖലയാണ്. അനിയന്ത്രിതമായ പാൽ, പാലുൽപ്പന്ന ഇറക്കുമതി ക്ഷീരമേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്ക തികച്ചും ന്യായമാണ്.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്നുൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായാൽ, അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവുമില്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

ആസിയാൻ രാജ്യങ്ങളിലേയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലേയും ബഹുരാഷ്ട്ര കുത്തകകൾ ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാര കരാറിന്റെ മറവിൽ നമ്മുടെ ചെറുകിട വ്യാപാരരംഗം തകർക്കുമെന്ന് ഉറപ്പാണ്. ഈ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്തിന് താങ്ങാൻ ആവില്ല.

അതിനാൽ, രാജ്യത്തിന്റെ വിശാലമായ താൽപ്പര്യവും ഭാവിയും കണക്കിലെടുത്ത് ആർ. സി. ഇ. പി. കരാറിൽ ഒപ്പുവയ്ക്കാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

The Substantive motion was unanimously adopted by the House.

The House adjourned at 7.12 p.m. to meet again at 9.00 a.m. on Thursday October 31, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*